

# ആത്മീയ ചിന്താഗതിയും

# ഭൗമിക ജ്ഞാനവും

ആഷിഷ് റായ്ച്ചൂർ

**സൗജന്യമായി മാത്രം വിതരണം ചെയ്യുക**
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2024

**ബന്ധപ്പെടാനുള്ള വിവരങ്ങൾ**
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചിപ്പിച്ചിട്ടില്ലെങ്കിൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നുള്ളതാണ്, ബി.എസ്.ഐ—മലയാളം—ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരിച്ചതിൽ നിന്നുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിയ്ക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

**സാമ്പത്തിക പങ്കാളിത്തം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് ഗുണമുണ്ടായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ അല്ലെങ്കിൽ നിങ്ങളുടെ സംഭാവന എങ്ങനെ നൽകാം എന്നതിനെക്കുറിച്ചുള്ള ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾ ചർച്ച്" എന്ന പേജ് നോക്കുകയോ ചെയ്യുക. നന്ദി!

**സൗജന്യ ഉറവിടങ്ങളും അനുബന്ധ വെബ്സൈറ്റുകളും**
**പ്രഭാഷണങ്ങൾ:** apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
**ചർച്ച് ആപ്പ്:** apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
**ഇ-ലേണിംഗ്:** apcbiblecollege.org/elearn | **കൗൺസിലിംഗ്:** chrysalislife.org
**സംഗീതം:** apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org
**എപിസി വേൾഡ് മിഷനുകൾ:** apcworldmissions.org

(Malayalam – Being Spiritually Minded & Earthly Wise)

# ആത്മീയ ചിന്താഗതിയും

## ഭൗമിക ജ്ഞാനവും

## ഉള്ളടക്കം


ആമുഖം

1. ക്രിസ്തീയ ജീവിതത്തിലെ പിരിമുറുക്കം 1

2. തെറ്റായ തിരഞ്ഞെടുപ്പുകൾ, വീഴ്ചകളും അവയുടെ
അനന്തരഫലങ്ങളും 3

3. അതിനാൽ, ബുദ്ധിമാനായിരിക്കുക 5

4. ആത്മീകവും അപ്പോൾ തന്നെ പ്രായോഗികവും 6

5. ജ്ഞാനം—നമ്മുടെ രക്ഷാകവചം 8

6. ദൈവത്തിന്റെ നന്മ 10

# ആമുഖം

**റോമർ 8:28**
**എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായികൂടി വ്യാപരിയ്ക്കുന്നു എന്നു നാം അറിയുന്നു.**

തെറ്റായ തിരഞ്ഞെടുപ്പുകൾ, മൂഢമായ പ്രവർത്തികൾ, അവിവേകമായ തീരുമാനങ്ങൾ, അലസതയുടെ ദാരുണമായ അനന്തരഫലങ്ങൾ, ശരിയായ തയ്യാറെടുപ്പിന്റെ അഭാവം മൂലമുണ്ടാകുന്ന ദുരന്തങ്ങളെ സംബന്ധിച്ചു എന്താകുന്നു ചിന്തിയ്ക്കേണ്ടത്? ഒരു ക്രിസ്ത്യാനിയുടെ പ്രവൃത്തി നിമിത്തം സംഭവിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചെന്താകുന്നു ചിന്തിയ്ക്കേണ്ടത്? ഈ ലോക ജീവിതത്തിലെ കാര്യങ്ങളിൽ സ്വയം ബുദ്ധിവികാസം വരുത്തുന്നതിൽ അവഗണന കാണിച്ച ആത്മീയ ചിന്താഗതിയുള്ള ക്രിസ്ത്യാനിയുടെ കാര്യമെന്താകുന്നു? ഒരു ക്രിസ്ത്യാനിയുടെ സ്വന്തം നിരുത്തരവാദിത്തം നിമിത്തം സംഭവിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചെന്താകുന്നു? ഇത്തരം കാര്യങ്ങളുടെ കരണഭൂതൻ ദൈവമാകുന്നുവോ?

അനവധി ക്രിസ്ത്യാനികൾ കഷ്ടപ്പെടുന്നതും ഒഴിവാക്കാനാവാത്ത സമ്മർദങ്ങൾക്കിടയിലൂടെ കുടുങ്ങിപ്പോകുന്നതും നാം കണ്ടുവരുന്നു. നമ്മുടെ ദൈവശാസ്ത്രം പഠിപ്പിയ്ക്കുന്നത് ദൈവം തന്റെ ജനത്തെ പ്രയാസകരമായ സമയങ്ങളിലൂടെ കടന്നുപോകാനും അവ നേരിടാൻ അവൻ അവരെ അനുവദിക്കുകയും, അങ്ങനെ അവർക്ക് അവയിൽ നിന്ന് നന്മ നേടാനും ശക്തിപ്പെടുവാനും കഴിയുമെന്നാണ്. എന്നാൽ അത്തരത്തിലുള്ള കഷ്ടപ്പാടുകളുടെയും, പ്രയാസങ്ങളുടെയും അനുഭവങ്ങളെല്ലാം ദൈവം നിശ്ചയിച്ചതാണോ?

നാം കാര്യങ്ങൾ അല്പം സൂഷ്മമായി പരിശോധിക്കുകയാണെങ്കിൽ, നമുക്ക് മനസ്സിലാകും നമ്മുടെ തീരുമാനങ്ങളും, തിരഞ്ഞെടുപ്പുകളുമാണ് നമ്മെ പല ദുരവസ്ഥയിലേക്കും നയിച്ചതെന്ന്. അവ നമ്മുടെ തെറ്റായ തീരുമാനങ്ങളായിരുന്നു—അത് ഏതു രീതിയിലുള്ളവയായലും—അവ നമ്മൾ അഭിമുഖീകരിച്ചേക്കാവുന്ന ദുരന്തങ്ങൾക്ക് കാരണമായി തീർന്നു. നമ്മുടെ അനുഭവങ്ങളെ ആത്മീയവൽക്കരിക്കുകയും അത്തരത്തിലുള്ള കഷ്ടപ്പാടുകൾക്ക് ദൈവത്തെ ഉത്തരവാദിയാക്കുകയും ചെയ്യണമോ? അപൂർണരായ നാമെല്ലാവരും

തെറ്റുകൾ വരുത്തുന്നു എന്നത് സത്യമായ കാര്യമാണ്. അപരിചിതമായ സാഹചര്യങ്ങളിൽ നാം എടുക്കുന്ന തെറ്റായ തീരുമാനങ്ങൾ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും. നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പുകൾ ദൈവം നമുക്കുവേണ്ടി വച്ചിരിയ്ക്കുന്ന പദ്ധതികളെ എങ്ങനെ ബാധിക്കുന്നു? നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പുകൾ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഏറ്റവും ഉയർന്നതും, മികച്ചതുമായ കാര്യങ്ങൾ നിറവേറ്റുന്നതിൽ നിന്ന് നമ്മെ പരാജയപ്പെടുത്തുകയോ, മാറ്റി നിർത്തുകയോ മറ്റേതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ? നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചു നമുക്ക് അറിവ് പകരാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പുസ്തകം. ഇത് നമ്മുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ പദ്ധതി നിറവേറ്റുന്നതിനുള്ള നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കിക്കാൻ ഉദ്ദേശിച്ചുള്ളതാകുന്നു. നമ്മുടെ പ്രവർത്തനങ്ങളെ ആത്മീയവൽക്കരിക്കുന്നത് നിർത്താനും അവയുടെ ഉത്തരവാദിത്വം നാം ഏറ്റെടുക്കാനുമുള്ള ആഹ്വാനമാണിത്. ഈ ജീവിതത്തിലെ കാര്യങ്ങളിൽ ''ജ്ഞാനിയായിരിക്കുക'' എന്ന ഒരു ഉദ്ബോധനമാകുന്നു ഇതിലൂടെ ഉദ്ദേശിയ്ക്കുന്നത്.

ദൈവം അനുഗ്രഹിക്കട്ടെ!
ആഷിഷ് റായ്ച്ചൂർ

# 1

# ക്രിസ്തീയ ജീവിതത്തിലെ പിരിമുറുക്കം

**കൊലൊസ്സ്യർ 3:1,2**
**[1] ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തുദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ.**
**[2] ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.**

ദൈവരാജ്യത്തിന് തികച്ചും വിപരീതമായ മറ്റൊരു രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ ജീവിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് *''മുൻപേ ദൈവരാജ്യം അന്വേഷിക്കാൻ''* (മത്തായി 6:33) ശ്രമിക്കുക എന്നത് അവന്റെ ജീവിതത്തിൽ നിരന്തരമായ ഒരു പിരിമുറുക്കത്തിന് കാരണമായേക്കാം എന്ന് തോന്നുന്നു. നാം ഇവിടെ ഭൂമിയിലായിരിയ്ക്കുന്നു, എന്നാൽ നാം അന്വേഷിക്കേണ്ടത് മുകളിലുള്ളവയെ ആകുന്നു, അതായത് സ്വർഗ്ഗത്തിൽ നിന്നുള്ളവയെ. നാം ഭൂമിയിൽ ആയിരിക്കുമ്പോൾ പലവിധ ഉത്തരവാദിത്തങ്ങൾ നമ്മിലേക്ക് വരുന്നു, അതായത് ഒരു സ്ഥിരമായ തൊഴിൽ കണ്ടെത്തുക, ''ആരെങ്കിലും'' ആയിത്തീരുക, ജീവിതതിൽ വിജയം നേടുക, സമ്പത്തുണ്ടാക്കുക എന്നിവ, എന്നിരുന്നാലും നമ്മുടെ ഇടതടവില്ലാത്ത ജോലിത്തിരക്കുകൽക്കിടയിലും, നമ്മുടെ മനസ്സ്—നമ്മുടെ ആഗ്രഹങ്ങൾ, നമ്മുടെ താൽപ്പര്യങ്ങൾ, നമ്മുടെ ഇച്ഛകൾ എന്നിവയെ ഉയരങ്ങളിലുള്ള കാര്യങ്ങളെ അന്വേഷിയ്ക്കാൻ ഉദ്ബോധിപ്പിക്കേണ്ടതാകുന്നു! ഒരു വ്യക്തിയുടെ ആത്മീകവും, മാനസികവും, വൈകാരികവുമായ കഴിവുകളെ വലിച്ചിഴയ്ക്കുന്ന ഏതെങ്കിലും വെല്ലുവിളിയുണ്ടെങ്കിൽ, അവ ഇതൊക്കെയാണെന്ന് തോന്നുന്നു! എന്നാൽ, നമുക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത വെല്ലുവിളികൾ ദൈവം നമുക്ക് നൽകുന്നില്ല. ദൈവം നമുക്ക് കൽപ്പന തന്നതിന് കാരണം, നമുക്ക് അത് പിന്തുടരാൻ കഴിയുമെന്ന് അവനറിയാവുന്നതിനാലും—അത് നമ്മെ മാറ്റി നിർത്തികൊണ്ടല്ല, മറിച്ച് അവൻ നൽകുന്ന ശക്തിയാൽ—അത് നടപ്പിലാക്കാൻ കഴിയുമെന്നതിനാലുമാണ്. എന്നിരുന്നാലും, പക്വതയുള്ള യാതൊരു ക്രിസ്ത്യാനിയ്ക്കും ''യഥാർത്ഥ'' ലോകത്ത് ഈ കൽപ്പന അനുസരിച്ച് ജീവിയ്ക്കേണ്ടിവരുന്നത് ''വെല്ലുവിളികളോടെയാണെന്ന്'' മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്.

ദൈനംദിന ജീവിതത്തിൽ യാതൊരു ക്രിസ്ത്യാനിയെയും

അവരെ രണ്ട് ദിശകളിലേക്ക് ''വലിക്കുന്ന'' നിരവധി ''പ്രശ്നങ്ങൾ'' അനുഭവപ്പെടാറുണ്ട്. ഉദാഹരണത്തിന്, വിജയത്തിന്റെ കൃത്യമായ അളവു കോലുകൾ എന്തൊക്കെയാണ്? വിജയത്തെ അളക്കുന്ന താൽകാലിക മാനദണ്ഡങ്ങൾ നേട്ടങ്ങളുടെയും സമ്പാദ്യത്തിന്റെയും അടിസ്ഥാനത്തിലാകുന്നു, എന്നാൽ അതേസമയം ദൈവരാജ്യത്തിലെ വിജയം നിർണ്ണയിക്കുന്നത് ഒരാൾ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നുണ്ടോ എന്നതിനെ അടിസ്ഥാനമാക്കിയാണ്. ഭൗമിക നേട്ടങ്ങളുണ്ടാക്കുന്നതിലോ സമ്പാദിക്കുന്നതിലോ ഒന്നും തെറ്റില്ല, എന്നാൽ ദൈവത്തിന്റെ ഉന്നതമായ വിളിയിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നത് *''നമ്മുടെ ജീവനെ കണ്ടെത്താൻ നാം അതിനെ കളയണമെന്നാണ്''* (മത്തായി 16:25). അതിനാൽ, ഒരു ക്രിസ്ത്യാനി തന്റെ ജീവിതത്തിന്റെ അങ്ങെനെയുള്ള ഘട്ടങ്ങളിൽ എത്തുമ്പോൾ, അല്ലെങ്കിൽ ഏത് വഴിയാണ് തിരഞ്ഞെടുക്കേണ്ടതെന്ന തീരുമാനത്തോട് അടുക്കുമ്പോൾ ഒരു നിരന്തര പോരാട്ടത്തെ അഭിമുഖീകരിക്കുന്നു—ലൗകിക വിജയത്തിന്റെ അളവുകൾ ഉയർത്തുന്ന ഒരു വഴി തിരഞ്ഞെടുക്കണമോ അതോ ക്രിസ്തുവിലുള്ള ദൈവത്തിന്റെ ഉയർന്ന വിളിയെ പൂർത്തീകരിക്കുന്നതിലേക്കുള്ള വഴിയേ തിരഞ്ഞെടുക്കണമോ.

ഒരു ക്രിസ്തിയനായി നിരവധി ''സംഘർഷ മേഖലകൾ,'' തന്റെ ജീവിതത്തിൽ അഭിമുഖീകരിക്കുന്നത് കൂടാതെ, ഈ ഭൂമിയിലെ യാത്രയിൽ ലോകത്തിൽ നിന്നും പിശാചിൽ നിന്നും അനേകം വെല്ലുവിളികളും നേരിടുന്നു. കർത്താവായ യേശു തന്നെ പറഞ്ഞു, *''വെളിച്ചമക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലോ''* (ലൂക്കാ 16:8). എന്നാൽ അങ്ങേനെയാകാൻ പാടില്ല, പക്ഷേ ചിലപ്പോൾ കാര്യങ്ങൾ അങ്ങനെയാണ് നടക്കുന്നത്, പ്രത്യേകിച്ചും വെളിച്ചത്തിന്റെ മക്കൾ പിതാവ് അവർക്ക് ലഭ്യമാക്കുന്ന ജ്ഞാനത്തിന്റെ ദിവ്യമായ കരുതലുകൾ മുറുകെ പിടിക്കുന്നതിൽ പരാജയങ്ങൾ സംഭവിയ്ക്കുമ്പോൾ. ക്രിസ്ത്യാനികൾ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ, പ്രവർത്തനങ്ങളിൽ *''ഈ ലോകത്തിന്റെ പുത്രന്മാരുമായി''* ബന്ധപ്പെടാനും, പ്രവർത്തിക്കാനും, മത്സരിക്കാനും പഠിക്കണം. കൂടാതെ, ഓരോ ക്രിസ്ത്യാനിയും എതിരാളികളുടെ തന്ത്രങ്ങളെ ലക്ഷ്യമാകുന്നു. ക്രിസ്ത്യാനിയെ ദൈവത്തിന്റെ അത്യുന്നതങ്ങളിൽ നിന്നും ഏറ്റവും മികച്ചതിൽ നിന്നും വഴിതെറ്റിക്കാൻ അവനെ പ്രലോഭിപ്പിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്ന ഒരു പിശാചുണ്ട്.

# 2

# തെറ്റായ തിരഞ്ഞെടുപ്പുകൾ, വീഴ്ചകളും അവയുടെ അനന്തരഫലങ്ങളും

**ഗലാത്യർ 6:7,8**

**7 വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും.**

**8 ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും.**

ചില സമയങ്ങളിലും മറ്റ് "പിരിമുറുക്കങ്ങളിലും," ലോകത്തിന്റെ സമ്മർദ്ദങ്ങളും പിശാചിന്റെ പ്രലോഭനങ്ങളും വന്നുചേരുമ്പോൾ, ഒരു ക്രിസ്ത്യാനി തന്റെ ജീവിതത്തിൽ തെറ്റുകൾ വരുത്താൻ സാധ്യതയുണ്ട്. ഇത് പ്രസ്താവിക്കുന്നത് ഏറെക്കുറെ അശുഭാപ്തികരവും നിഷേധാത്മകവുമാണെന്ന് തോന്നിയേക്കാം, എന്നിരുന്നാലും ജീവിതത്തിൽ നമ്മൾ ഇടയ്ക്കിടെ മോശം തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും എടുക്കുന്നു എന്നത് സത്യമായ ഒരു കാര്യമാണ്. ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ച ചെയ്ത വിശ്വാസികളെക്കുറിച്ച് ചിന്തിക്കാമോ. ഉന്നത വിദ്യാഭ്യാസം, ഒരു ജോലി തിരഞ്ഞെടുക്കൽ, കൂടാതെ താമസസ്ഥലം, സുഹൃത്തുക്കൾ, സാമ്പത്തികം കൈകാര്യം ചെയ്യൽ, വിനോദവൃത്തികളിൽ ഏർപ്പെടുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി തീരുമാനങ്ങൾ ഇക്കൂട്ടത്തിൽ പരിഗണിക്കാവുന്നതാണ്. ഒരു വ്യക്തി തന്റെ സ്വർഗ്ഗീയ വിളി പിന്തുടരുന്നതിൽ കൂടുതൽ മുന്നോട്ടു പോകുമ്പോൾ, കാര്യങ്ങൾ കൂടുതൽ ഗൗരവമേറിയതായിത്തീരുന്നു, എന്തുകൊണ്ടെന്നാൽ എവിടെ, എപ്പോൾ, എന്ത്, എങ്ങനെ ഒരു വ്യക്തി തന്റെ ജീവിതം കൈകാര്യം ചെയ്യുന്നതുൾപ്പെടെ അവർ നടത്തുന്ന ഓരോ തിരഞ്ഞെടുപ്പും ഭൂമിയിലെ ദൈവരാജ്യത്തിൽ കാര്യമായ അനന്തരഫലം ചെലുത്തുന്നുവെന്ന് അവർ മനസ്സിലാക്കുന്നു.

നമ്മുടെ എല്ലാ തീരുമാനങ്ങൾക്കും അനന്തരഫലങ്ങളുണ്ട്. നമ്മളിൽ പലരും കാര്യത്തിന്റെ ഗൗരവം ഇതുവരെ മനസ്സിലാക്കിയിട്ടില്ല. നമ്മുടെ ദൈവം കൃപാലുവായ ദൈവമാണെന്ന് മനസ്സിലാക്കികൊണ്ട്, നാം ബോധപൂർവ്വമോ അല്ലാതെയോ അതിന്റെ "അവസരം"

മുതലാക്കുന്നു. അതെ, ദൈവരാജ്യത്തിൽ സകലതും കൃപയാൽ ആണ് നടക്കുന്നത്, എന്നിരുന്നാലും, കർത്താവ് നമ്മുടെ മേൽ ചില ഉത്തരവാദിത്തങ്ങൾ ആക്കിവച്ചിട്ടുണ്ട്. നാം പഠിപ്പിച്ച സത്യങ്ങൾ അനുസരിച്ച് ജീവിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. കഠിനാധ്വാനം ചെയ്യുക, എന്ത് ചെയ്താലും അലസത കൂടാതെ ചെയ്യുക എന്നിവ നമ്മുടെ ഉത്തരവാദിത്വത്തിൽപെട്ടതാണ്. നമ്മുടെ ജഡത്തെ ക്രൂശിക്കുകയും ലോകത്തിന്റെയും പിശാചിന്റെയും പ്രലോഭനങ്ങളെ ചെറുക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. കർത്താവ് നമുക്കുവേണ്ടി ചെയ്തുതരാത്ത ചില കാര്യങ്ങളാണിവ. അവൻ നമുക്ക് ജ്ഞാനം നൽകും (അതിനായി അവനെ അന്വേഷിക്കുകയാണെങ്കിൽ) എന്നാൽ തീരുമാനങ്ങൾ നമ്മുടേതാണ്, നാം എടുക്കുന്ന തീരുമാനങ്ങളുടെ അനന്തരഫലങ്ങൾ നേരിടാൻ നാം തയ്യാറായിരിക്കണം.

# 3

# അതിനാൽ, ബുദ്ധിമാനായിരിക്കുക

**മത്തായി 10:16**
**ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ.**

കുഞ്ഞാടുകൾ—ദൈവത്തിന്റെ ജനം—പ്രത്യേകിച്ചും അനുകൂലമായ ഒരു സാഹചര്യത്തിലല്ല! അതിനെക്കുറിച്ചുള്ള മുന്നറിയിപ്പ് നല്കിയിരിയ്ക്കുന്നത് ഇങ്ങനെയാണ്, *"ആകയാൽ പാമ്പുകളെപോലെ ബുദ്ധിയുള്ളവരും പ്രാവുകളെപ്പോലെ കളങ്കമില്ലാത്തവരും"* ആയിരിക്കുവാൻ കർത്താവായ യേശു നമ്മോട് നിർദ്ദേശിച്ചിരിയ്ക്കുന്നു. ഈ ലോകം ശത്രുതയും, ദുഷ്ടതയും നിറഞ്ഞതാണെങ്കിലും, നാം തിന്മ പ്രവർത്തിച്ചുകൊണ്ട് ലോകത്തിന്റെ തിന്മയുമായി പൊരുത്തപ്പെടരുത്. പകരം, നാം *"തിന്മയെ നന്മയാൽ ജയിക്കണം"* (റോമർ 12:21). നാം ക്രിസ്തുവിന്റെ കൃപയിലും വിവേകത്തിലും നടക്കണം. ഈ ദുഷ്ടത നിറഞ്ഞ ലോകത്തിന്റെ നടുവിൽ *"പ്രാവുകളെപ്പോലെ കളങ്കമില്ലാത്തവരായിരിയ്ക്കാൻ"* നമ്മെ ഉദ്ബോധിപ്പിച്ചപ്പോൾ യേശു ഇതാണ് ഉദ്ദേശിച്ചത്. യേശുവിന്റെ ഉപദേശത്തിന്റെ മറ്റൊരു വശം *"പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരായിരിയ്ക്കുക"* എന്നതായിരുന്നു. ഈ ലോകത്ത് ജീവിക്കുമ്പോൾ നാം ജ്ഞാനികളും വിവേകികളും ആയിരിക്കണം. നാം നമ്മുടെ ആത്മീയതയെ ജ്ഞാനത്തോടും വിവേകത്തോടുമൊപ്പം ബന്ധിപ്പിക്കണം, പ്രത്യേകിച്ച് ഈ ലോക ജീവിതത്തിന്റെ കാര്യത്തിൽ. ഈ ലോകത്തിലെ ആളുകൾ മിക്കപ്പോഴും നമ്മുടെ ആത്മീയതയ്ക്ക് മതിപ്പു നൽകുന്നില്ല. യാഥാർഥത്തിൽ, പലരും ആത്മീയ ചിന്താഗതിയുള്ള ക്രിസ്ത്യാനികളെ അവജ്ഞതയോടെയും ആഴമായ അവഗണനയോടെയും വീക്ഷിക്കുന്നു. അതിനാൽ, നമുക്ക് ഈ ലോകത്തെ അതിജീവിക്കാനും വിജയിച്ച് ജീവിക്കാനും ജ്ഞാനം ആവശ്യമാണ്.

# 4

# ആത്മികവും അപ്പോൾ തന്നെ പ്രായോഗികവും

ആത്മീകനായിരിക്കുക എന്നത് ഉത്തമവും വിശേഷാൽ പ്രാധാന്യമായിരിയ്ക്കുന്നതും പോലെ തന്നെ സുപ്രധാനമാണ് നാം പ്രായോഗികരായിരിക്കേണ്ടത് എന്നതും. നാം കേവലം ആത്മീകനായിരിയ്ക്കുന്നതിലൂടെ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിൽ മുന്നേറുമെന്നും ഭൂമിയിൽ കർത്താവിനുവേണ്ടി പലതും നിറവേറ്റുമെന്നതിനും ഒരു ഉറപ്പും നൽകുന്നില്ല. എന്നാൽ ഒരു വ്യക്തി തന്റെ ആത്മീകതയെ പ്രായോഗിക ജ്ഞാനത്തോടും വിവേകത്തോടും കൂട്ടിച്ചേർക്കണ്ടതാണ്. ഉദാഹരണത്തിന്, നിങ്ങൾ ഒരു ക്രിസ്ത്യാനിയായിരിക്കുന്നതുകൊണ്ട് നിങ്ങളുടെ ദാമ്പത്യ ജീവിതത്തിൽ മുന്നേറുമെന്ന് ഒരു ഉറപ്പോ അർത്ഥമോ നൽകുന്നില്ല. നിങ്ങളുടെ ദാമ്പത്യ ജീവിതവും കുടുംബ ജീവിതവും കെട്ടിപ്പടുക്കുന്നതിന് പ്രായോഗിക ജീവിത വശങ്ങൾ നിങ്ങൾ മനസ്സിലാക്കുകയും സന്തോഷകരമായ ഒരു കുടുംബം സൃഷ്ടിക്കാൻ ആ അറിവ് ഉപയോഗിക്കാൻ നിങ്ങൾ മനസ്സിലാക്കേണ്ടതുമുണ്ട്. അതുപോലെതന്നെ, നിങ്ങൾ ദശാംശവും വഴിപാടുകളും നൽകികൊണ്ട് നിങ്ങളുടെ സാമ്പത്തിക അഭിവൃദ്ധി പ്രതീക്ഷിക്കരുത്. ഇതുകൂടാതെ, നിങ്ങളുടെ ബാക്കി പണം എങ്ങനെ (വിനിയോഗിക്കണമെന്നും) വിവേകത്തോടെ ഉപയോഗിക്കാമെന്നും നിങ്ങൾ പഠിക്കണം.

ദൈവം തന്റെ മക്കളെ ദൈവിക ആരോഗ്യം നൽകി സുഖപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നതുകൊണ്ട്, നിങ്ങളുടെ ഭക്ഷണശീലങ്ങളിൽ അച്ചടക്കമില്ലാത്തവരോ അമിത സമയം ജോലിയിൽ ഏർപ്പെട്ടുകൊണ്ട് നിങ്ങളുടെ ശരീരത്തെ ദുരുപയോഗം ചെയ്യുകയോ ചെയ്യാം എന്നല്ല ഇതിനർത്ഥം. ദൈവത്തിന്റെ ജനം തങ്ങളുടെ ശരീരങ്ങളെ പരിപാലിക്കുന്നതിൽ അച്ചടക്കബോധം പാലിയ്ക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. എല്ലാത്തിനുമുപരി, അത് ദൈവത്തിന്റെ ആലയമാണ്. കൂടാതെ, ദൈവം നിങ്ങളെ വിളിച്ചുവെന്ന് നിങ്ങൾക്കറിയാം എന്നതിനാൽ , നിങ്ങൾളുടെ ജീവിതത്തിൽ നിങ്ങൾക്ക് ലക്ഷ്യമില്ലാതെ "അലഞ്ഞുനടക്കാൻ" കഴിയുമെന്നും, അപ്പോൾത്തന്നെ ദൈവം നിങ്ങളുടെ ജീവിതത്തിനായി ആസൂത്രണം ചെയ്തതെല്ലാം നിറവേറ്റുമെന്ന് പ്രതീക്ഷിക്കാമെന്നുമല്ല ഇത് അർത്ഥമാക്കുന്നത്. മറുവശത്ത്, നിങ്ങളുടെ ജീവിതത്തിലേക്കുള്ള അവന്റെ വിളി പൂർത്തീകരിക്കാൻ നിങ്ങൾ സ്വയം തയ്യാറാക്കുകയും നിങ്ങളെത്തന്നെ

പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ദൈവത്തോടൊപ്പം പടിപടിയായി നീങ്ങുകയും വേണം.

ക്രിസ്തീയ ശുശ്രൂഷയിലായിരിയ്ക്കുന്നവരെ സംബന്ധിച്ചിടത്തോളം, ഭൂമിയിൽ പൂർണമായി ഫലപ്രദമാകാൻ ശക്തമായ അഭിഷേകം മാത്രം മതിയാകില്ല. ഭൂമിയിൽ ദൈവത്തിന് ഒരു വളരുന്ന ശക്തിയാകാൻ നമ്മുടെ ശുശ്രൂഷാ പ്രയത്നങ്ങളെ എങ്ങനെ രൂപീകരിയ്ക്കാമെന്നും, ഏകോപിപ്പിക്കാമെന്നും, ശരിയായി ക്രമീകരിക്കാമെന്നും നാം പഠിക്കേണ്ടതുണ്ട്. സാത്താന്റെ നുകങ്ങളെ തകർക്കുന്നതും ആളുകളുടെ ജീവിതത്തിൽ നിന്ന് ഭാരങ്ങൾ നീക്കം ചെയ്യുന്നതും അഭിഷേകമാണെന്നത് ശരിയാണ്, എന്നാൽ പിടിപ്പുകേടും, ശരിയായ രൂപീകരണത്തിന്റെ അഭാവവും പലരെയും ഏൽപ്പിച്ചിരിക്കുന്ന അഭിഷേകത്തിന്റെ ശക്തിയെ വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുന്നു എന്നതും സത്യമായ ഒരു കാര്യമാണ്.

നാം ചിലപ്പോഴൊക്കെ, ദൈവത്തെക്കാൾ ആത്മീയരാണെന്ന് നടിക്കാറുണ്ട്! ചില സമയങ്ങളിൽ നാം വളരെ ആത്മീയരായിത്തീരുകയും, ഈ ലോകത്തിന് ഒരു പ്രയോജനമില്ലത്തവരുമായി മാറുന്നു. അത്തരം സന്ദർഭങ്ങളിൽ ദൈവരാജ്യത്തിന് ഉപകാരപ്രദമായ എന്തെങ്കിലും ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നതിന് ദൈവത്തിന് പോലും ബുദ്ധിമുട്ടാണെന്ന് ഞാൻ കരുതുന്നു! നമ്മുടെ പ്രവൃത്തികൾ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ ബാധിക്കുകയോ, മാറ്റുകയോ, സ്വാധീനിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന വിഷയത്തിൽ ഞാൻ ദിവസങ്ങളോളം ആലോചിച്ചിരിന്നുട്ടുണ്ട്. അത് വളരെ ശാന്തമായ സമയമായിരുന്നു. ഒരു വശത്ത്, ദൈവം പരമാധികാരിയാണെന്നും അവന്റെ പദ്ധതികളെ പരാജയപ്പെടുത്താനാവില്ലെന്നും എനിക്കറിയാമായിരുന്നു. *"നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു"* (ഇയ്യോബ് 42:2) എന്നിരുന്നാലും, മറുവശത്ത്, ദൈവം തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് മനുഷ്യന്റെ അനുസരണവും സഹകരണവും ആവശ്യപ്പെടുന്നതായി ബൈബിളിലുടനീളം നമുക്ക് കാണാനാകും. പൊതുവായ ഒരു "സാർവത്രിക" തലത്തിൽ, ദൈവം തന്റെ പരമാധികാരത്തിൽ മനുഷ്യവർഗത്തിന് മൊത്തത്തിൽ താൻ ഉദ്ദേശിച്ചിട്ടുള്ളതെല്ലാം നിറവേറ്റാൻ ആഗ്രഹിക്കുന്നു. എന്നാൽ വ്യക്തിഗത തലത്തിൽ, നമ്മുടെ പ്രവർത്തനങ്ങൾ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ വികാസത്തെയും പൂർത്തീകരണത്തെയും സ്വാധീനിക്കുന്നു. പല ക്രിസ്ത്യാനികളും തങ്ങളുടെ സ്വന്തം പ്രവൃത്തികൾ നിമിത്തം ദൈവത്തിന്റെ ഏറ്റവും ഉയർന്നതും അവരുടെ ജീവിതത്തിന് ഏറ്റവും മികച്ചതുമായ കാര്യങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തുന്നു എന്നത് സങ്കടകരമായ ഒരു വസ്തുതയാണ്.

# 5

# ജ്ഞാനം—നമ്മുടെ രക്ഷാകവചം

**സഭാപ്രസംഗി 9:16,18**
**[16] ജ്ഞാനം ബലത്തെക്കാൾ നല്ലതു തന്നേ ...**
**[18] യുദ്ധായുധങ്ങളെക്കാളും ജ്ഞാനം നല്ലതു ...**

**സഭാപ്രസംഗി 10:10**
**... ജ്ഞാനമോ, കാര്യസിദ്ധിക്കു ഉപയോഗമുള്ളതാകുന്നു**

**സദൃശ്യവാക്യങ്ങൾ 4:7,8**
**[7] ജ്ഞാനംതന്നേ പ്രധാനം; ജ്ഞാനം സമ്പാദിക്ക; നിന്റെ സകലസമ്പാദ്യത്താലും വിവേകം നേടുക.**
**[8] അതിനെ ഉയർത്തുക; അതു നിന്നെ ഉയർത്തും; അതിനെ ആലിംഗനം ചെയ്താൽ അതു നിനക്കു മാനം വരുത്തും.**

ഞാൻ ഇതേക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, എന്റെ സ്വന്തം ജീവിതത്തിൽ എനിക്ക് തന്നെ സംഭവിച്ച തെറ്റുകളുടെ നിരവധി സന്ദർഭങ്ങളെക്കുറിച്ചു ഞാൻ ഓർത്തു. ഞാൻ കൂടുതൽ കഠിനാധ്വാനം ചെയ്തിരുന്നെങ്കിൽ എന്നോർത്തു? മറ്റൊന്നിന് പകരം ഞാൻ ഇത് തിരഞ്ഞെടുത്തിരുന്നെങ്കിലോ എന്നോർത്തു? ഞാൻ എന്റെ സമയവും ഊർജവും ഒരു പ്രത്യേക മേഖലയിൽ നിക്ഷേപിച്ചിരുന്നെങ്കിൽ എന്നോർത്തു? എനിക്ക് ആവശ്യമായ വിവരങ്ങളും അറിവും അന്ന് ഉണ്ടായിരുന്നെങ്കിൽ കാര്യങ്ങൾ വ്യത്യസ്തമാകുമായിരുന്നോ അതായത് എനിക്ക് കാര്യങ്ങളെക്കുറിച്ചു നന്നായി അറിയാമായിരുന്നെങ്കിൽ? എന്റെ സ്വന്തം പ്രവൃത്തി കാരണം ഞാൻ സഹിച്ച സഹനങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കാമായിരുന്നു. ഞാൻ ഈ കാര്യങ്ങളെക്കുറിച്ചു ചിന്തിയ്ക്കുമ്പോൾ, സ്വർഗ്ഗസ്ഥനായ പിതാവിനോട് നിലവിളിക്കുക മാത്രമായിരുന്നു എനിക്ക് ചെയ്യാൻ കഴിഞ്ഞത്, കൂടാതെ അവൻ എന്റെ ജീവിതത്തിനായി വച്ചിരിയ്ക്കുന്ന ഏറ്റവും മികച്ചതും ഉന്നതുമായത് നഷ്ടപ്പെടുത്തരുതെന്ന് പ്രാർത്ഥിക്കാനും. ജ്ഞാനപൂർവമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ ഞാൻ നിർബന്ധിതനായി. ജ്ഞാനം നമ്മുടെ സംരക്ഷണമാകുന്നു. ജ്ഞാനത്തിൽ നടക്കുമ്പോൾ

നാം ഭദ്രമായിരിയ്ക്കുന്നു. തിരുവെഴുത്ത് നമ്മോട് പറയുന്നു, *"... ജ്ഞാനിയുടെ ഹൃദയം കാലത്തെയും ന്യായത്തെയും വിവേചിക്കുന്നു, കാരണം സകല കാര്യത്തിന്നും കാലവും ന്യായവും ഉണ്ടല്ലോ"* (സഭാപ്രസംഗി 8:5,6). ഓരോ കാര്യത്തിനും കൃത്യമായ സമയവും ശരിയായ തീരുമാനങ്ങളുമുണ്ട്. ഒരു പ്രത്യേക സാഹചര്യത്തിൽ എന്ത് ചെയ്യണം, എങ്ങനെ ചെയ്യണം, എപ്പോൾ ചെയ്യണമെന്ന് "ജ്ഞാനത്തിന്" അറിയാം.

ദൈവവചനം പറയുന്നു, *"നിന്റെ കാലുകളുടെ പാതയെ നിരപ്പാക്കുക; നിന്റെ വഴികളെല്ലാം സ്ഥിരമായിരിക്കട്ടെ"* (സദൃശവാക്യങ്ങൾ 4:26). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ എടുക്കുന്ന തീരുമാനങ്ങൾക്ക് ഒരു തല്ക്കാലവിരാമം നൽകി, അവയെക്കുറിച്ചു നന്നായി രണ്ടോ മൂന്നോ തവണ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുക. പലപ്പോഴും, ജ്ഞാനപൂർവകമായ തീരുമാനങ്ങൾ എടുക്കുമ്പോൾ, ആ വിഷയത്തെക്കുറിച്ചുള്ള നമ്മുടെ അറിവും ധാരണയും വർദ്ധിപ്പിക്കുന്നതിന് നാം വിവരങ്ങൾ ശേഖരിക്കേണ്ടത് ആവശ്യമാണ്. ഒരു പ്രത്യേക മേഖലയിൽ കൂടുതൽ പഠനങ്ങളും അനുഭവപരിചയവുമുള്ളവരുമായി സംസാരിക്കുന്നതും പഠിക്കുന്നതും തീരുമാനങ്ങളെടുക്കാൻ നമ്മെ ഏറെ സഹായിക്കും. അതുകൊണ്ടാണ് തിരുവെഴുത്ത് ഇപ്രകാരം പ്രസ്താവിക്കുന്നത്, *"ജ്ഞാനിയായ പുരുഷൻ ബലവാനാകുന്നു, പരിജ്ഞാനമുള്ളവൻ ബലം വർദ്ധിപ്പിക്കുന്നു; ഭരണസാമർത്ഥ്യത്തോടെ നീ യുദ്ധം നടത്തി ജയിക്കും; മന്ത്രിമാരുടെ ബഹുത്വത്തിൽ രക്ഷയുണ്ട്"* (സദൃശവാക്യങ്ങൾ 24:5,6). ആലോചനയും ഉപദേശവും ആവശ്യമില്ലാത്തത്ര ആത്മീകാരായി നാം നമ്മെത്തന്നെ പരിഗണിക്കരുത്.

ആത്മിക വരങ്ങളും, അഭിഷേകവും ശുശ്രൂഷയിൽ വളരെ പ്രാധാന്യമുള്ളതാണ്. എന്നിരുന്നാലും, അവ പരമാവധി ഉപയോഗപ്പെടുത്താനും ശാശ്വതമായ സ്വാധീനം ചെലുത്താനും, നമ്മുടെ ആത്മിക വരങ്ങളോടും അഭിഷേകത്തോടും നല്ല നേതൃത്വപാടവവും, നല്ല വ്യവസ്ഥിതികളും കഠിനാധ്വാനവും, അച്ചടക്കവും, തുടർച്ചയായ മികവും, ധാരാളം ദൈവിക ജ്ഞാനവും ചേർക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

# 6

# ദൈവത്തിന്റെ നന്മ

**സദൃശ്യവാക്യങ്ങൾ 3:5,6**

**[5] പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു.**

**[6] നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.**

എങ്ങനെയായാലും, നമ്മുടെ പരമാധികാരിയായ ദൈവം നല്ലവനും കരുണാനിധിയുമാണ്. ഒരു ചെറിയ കുരുവിയെപ്പോലും അവൻ മറക്കുന്നില്ല. നമ്മുടെ തലയിലെ രോമങ്ങൾ പോലും എണ്ണപ്പെട്ടിരിക്കുന്നു (ലൂക്കാ 12:6,7). തന്റെ പരമാധികാരത്തിൽ, കർത്താവ് തന്റെ അമാനുഷികതയിൽ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ എല്ലാ വിശദാംശങ്ങളിലും തന്റെ പങ്കാളിത്തം സാധ്യമാക്കുന്നു. അവൻ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത് നാം അവനെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുക എന്നതാണ്, അവൻ നമ്മുടെ വഴികളെ നിയന്ത്രിയ്ക്കാമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. അതെ, നമ്മുടെ ജീവിതത്തിന്റെ പല പ്രശ്നങ്ങളിലും ജ്ഞാനവും വിവേകവും തേടാനുള്ള ഉത്തരവാദിത്തം നമ്മുടേതാകുന്നു. നാം അങ്ങനെ ചെയ്യുമ്പോൾ, നമ്മുടെ ചുവടുകൾ കർത്താവിനാൽ ക്രമീകരിക്കപ്പെടും. *"ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു"* (സങ്കീർത്തനം 37:23). അവൻ നമുക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന വഴിയിൽ നമ്മെ നയിക്കാൻ ദൈവം നമ്മുടെ ജീവിതത്തിലെ നടക്കാവുന്ന കാര്യങ്ങളൊക്കെയും ക്രമീകരിക്കും. ഈ പദ്ധതിയിൽ, നമ്മൾ ഇപ്പോഴും തെറ്റുകൾ വരുത്തുകയും, ഇടറുകയും, വീഴുകയും ചെയ്യുന്നുവെങ്കിലും, കർത്താവ് നമ്മെ ഉയർത്തിപ്പിടിക്കുന്നതിനാൽ നാം പൂർണ്ണമായും നശിച്ചുപോകില്ല. അത് നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നത്തിന്റെ അവസാനമാകില്ല. *"അവൻ വീണാലും നിലംപരിചാകയില്ല; യഹോവ അവനെ കൈ പിടിച്ചു താങ്ങുന്നു"* (സങ്കീർത്തനം 37:24). അവൻ നമ്മുടെ കാലുകളെ ഉയർത്തി സ്വസ്ഥമാക്കി വീണ്ടും നമ്മുടെ യാത്രയിൽ മുന്നോട്ടു പോകാൻ അവൻ നമ്മെ സജ്ജരാക്കും. അതിനായി നമുക്ക് നമ്മുടെ ദൈവത്തെ സ്തുതിക്കാം!

**സങ്കീർത്തനം 40:1-3**

**[1] ഞാൻ യഹോവെക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു.**

**[2] നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി.**

**[3] അവൻ എന്റെ വായിൽ പുതിയോരു പാട്ടുതന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നേ; പലരും അതു കണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും.**

സങ്കീർത്തനക്കാരനായ ദാവീദ് ഒരു "ഭയങ്കരമായ കുഴിയിൽ" സ്വയം അകപ്പെട്ടു, അവന്റെ പാദങ്ങൾ "വഴുവഴുത്ത കളിമണ്ണിൽ" പുതഞ്ഞുപോയിരുന്നു. അവൻ ആ അവസ്ഥയിലാകാൻ പല കാരണങ്ങളും ഉണ്ടായിട്ടുണ്ടാകാം. എന്നാൽ അവൻ ദൈവത്തിനായി *"ക്ഷമയോടെ കാത്തിരിന്നപ്പോൾ,"* കർത്താവ് അവന്റെ നിലവിളി കേട്ട് അവനെ ആ കുഴിയിൽ നിന്ന് പുറത്തു കൊണ്ടുവന്ന് അവന്റെ പാതകളെ ഉറപ്പിച്ചുവെന്ന് അവൻ പറയുന്നു (സങ്കീർത്തനം 40:1–3). ഹല്ലേലൂയാ! ഇതാകുന്നു ദൈവത്തിന്റെ നന്മ. നമ്മൾ തെറ്റുകൾ വരുത്തി ഭയാനകമായ ഒരു കുഴിയിൽ വീണാലും, കർത്താവിന് നമ്മെ ഉയർത്താനും ഉറപ്പുള്ള നിലത്ത് തിരികെ കൊണ്ടുവരാനും കഴിയും. നമ്മുടെ തെറ്റുകൾ നമ്മെ വേദനിപ്പിച്ചേക്കാം. നമ്മുടെ തെറ്റായ തീരുമാനങ്ങൾ പലതിന്റെയും കാലതാമസത്തിന് കാരണമായേക്കാം. നമ്മുടെ പരാജയങ്ങൾ തടസ്സങ്ങൾ കൊണ്ടുവന്നേക്കാം, എന്നാൽ നമുക്ക് കർത്താവിൽ വിശ്വാസമുണ്ടെങ്കിൽ, നമുക്കുവേണ്ടിയുള്ള അവന്റെ പദ്ധതികൾ നിറവേറ്റാൻ അവൻ നമ്മെ സഹായിക്കും. ദൈവം നമ്മുടെ പരാജയങ്ങളേക്കാൾ വലിയവനാണ് . അവൻ നമ്മുടെ തെറ്റുകളേക്കാൾ വലിയവനാണ്. നമ്മുടെ തെറ്റുകളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, ജ്ഞാനത്തോടെ, ഓട്ടം തുടരുകയാണെങ്കിൽ, ദൈവം നമ്മെ നമ്മുടെ അവസാന ലക്ഷ്യസ്ഥാനത്തേക്ക് കൊണ്ടുപോകും. നമ്മുടെ വിലാപങ്ങളെ നൃത്തമാക്കി മാറ്റാൻ കഴിയുന്നത് ദൈവത്തിനുമാത്രമാണ്. *"നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു"* (സങ്കീർത്തനം 30:11). പ്രയോജനശൂന്യമായതിനെ മനോഹരമാക്കി മാറ്റാൻ ദൈവത്തിന് കഴിയും. അവൻ നമ്മുടെ നിരാശകളെ ദൈവിക നിയോഗങ്ങളാക്കി മാറ്റുന്നു. ദൈവം സമയത്തിനതീതനാണ്. *"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും"* (യോവേൽ 2:25). നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പുകൾ നിമിത്തം നഷ്ടപ്പെട്ടേക്കാവുന്ന സമയം എങ്ങനെ നികത്തണമെന്ന് അവനറിയാം.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവിടുന്ന് തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, അവിടുന്ന് പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവർത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. താൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവിടുന്ന് അന്ധർക് കാഴ്ച നൽകി , ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അവിടുന്ന് വിശക്കുന്നവർക്ക് അത്ഭുതകരമായി അപ്പം വർധിപ്പിച്ചു പരിപോഷിപ്പിക്കുകയും, കൊടുംകാറ്റിനെ ശാന്തമാക്കുകയും, മറ്റു അത്ഭുതകരമായ പ്രവർത്തികളും ചെയ്തു.

**ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് ദൈവം ഒരു നല്ല ദൈവമാണെന്നും, മനുഷ്യർ സ്വസ്ഥമായും, നല്ല അവസ്ഥയിലും, ആരോഗ്യത്തിലും, സന്തോഷത്തിലും ഇരിയ്ക്കണമെന്ന് അവിടെന്ന് ആഗ്രഹിക്കുന്നു എന്നുമാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ആഗ്രഹിക്കുന്നു.**

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനായിതീരാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തതായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപിരിയിലാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. മരണം എന്നത് ദൈവവത്തിൽ നിന്ന് നിത്യമായി വേർപെട്ട് നരകത്തിൽ എന്നെന്നേക്കുമായി കഴിയുക എന്നതാണ്.

എന്നാൽ നമുക്ക് പാപത്തിൽ നിന്ന് മോചിതരാകാനും ദൈവത്തിലേക്ക് പുന:സ്ഥാപിക്കപ്പെടാനും കഴിയും എന്നതാണ് സന്തോഷവാർത്ത. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ" (റോമർ 6:23).*** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസം താൻ ഉയിർത്തെഴുന്നേറ്റ ശേഷം, തന്നെത്തന്നെ അനേകർക്ക് വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ അകപ്പെടുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത

അനന്തരഫലങ്ങളിൽ നിന്നും സ്വാതന്ത്രരാകാനുള്ള ഒരു മാർഗം പ്രദാനം ചെയ്യുവാനാണ് അവിടുന്ന് വന്നത്. അവിടുന്ന് പാപികളെ രക്ഷിക്കുവാൻ — എന്നെയും, നിന്നെയും പോലുള്ള ആളുകളെ പാപത്തിൽനിന്നും, നിത്യ മരണത്തിൽ നിന്നും രക്ഷിക്കുവനാണ് വന്നത്.

പാപങ്ങളുടെ ഈ സൗജന്യമായ ക്ഷമ ലഭിക്കുവാൻ, നാം ഒരു കാര്യം മാത്രം ചെയേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***".... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" ( അപ്പൊ പ്രവർത്തികൾ 10:43).***

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).***

കർത്താവായ യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവിടുന്ന് നിങ്ങൾക്കായി ചെയ്ത കാര്യങ്ങളിലും വിശ്വസിക്കാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും നേടാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

*പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ആരുടെയും പാപങ്ങൾ ക്ഷമിക്കപെടും എന്നാണ്.*

*ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്ക് വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്ക് വേണ്ടി ചെയ്തതും സ്വീകരിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കാൻ കഴിയില്ലെന്നും, എന്റെ സ്വന്തം നല്ല പ്രവൃത്തികളാൽ എനിക്ക് എന്നെ രക്ഷിക്കാൻ കഴിയില്ലെന്നും എനിക്കറിയാം. എന്റെ പാപങ്ങൾക്ക് ക്ഷമ നേടുവാൻ എനിക്ക് കഴിയില്ല.*

*അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.*

*നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കാനും, അങ്ങയെ കൂടുതൽ അറിയാനും അങ്ങയോട് വിശ്വസ്തനാകാനും എന്നെ സഹായിക്കണമേ.*

*ആമേൻ.*

# ഓൾ പീപ്പിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധമാവിനാൽ നിറയപെട്ട,** ഒരു കുടുംബ സഭയാണ്, അതോടൊപ്പം ഒരു സജ്ജീകരണ കേന്ദ്രവും, ദൗത്യ താവളവും ലോക വ്യാപകമായി സേവനങ്ങൾ നൽകുന്നതുമാണ്.

- ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി നാം ഒരുമിച്ചു വളരുകയും ദൈവ സഭയെന്ന നിലയിൽ പരസ്പരം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.
- ഒരു **സജ്ജീകരണ കേന്ദ്രമെന്ന** നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.
- ഒരു **ദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തതായ ശുശ്രൂഷയിൽ നാം ഏർപ്പെടുന്നു.
- ഒരു **ലോകവ്യാപക സേവനം** എന്ന നിലയിൽ, ദൈവരാജ്യത്തിനായി തങ്ങളുടെ പ്രദേശങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് നാം പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർഥനം, സമകാലീന ശുശ്രൂഷ രീതികൾ, ഏറ്റവും പുതിയ സാങ്കേതികവിദ്യ മുതലായവ; അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിയ്ക്കുന്നു (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

# സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don’t Compromise Your Calling
Don’t Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God’s Purpose for Your Life
Gifts of the Holy Spirit
Giving Birth to the Purposes of God
God Is a Good God
God’s Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don’t Take Them
Open Heavens
Our Redemption
Receiving God’s Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father’s Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner’s Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധികരിയ്ക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്ത്യൻ പുസ്തകങ്ങൾ ഡൌൺലോഡ് ചെയ്യാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

# ക്രിസലിസ് കൗൺസിലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും മറികടക്കുന്നതിനും, ആളുകളെ സഹായിക്കുന്നതിന് ക്രിസലിസ് കൗൺസിലിംഗ് വ്യക്തിഗത കൗൺസിലിംഗ് വാഗ്ദാനം ചെയ്യുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസിലറുമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസിലിംഗ്.

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വൈവിധ്യമാർന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

**കൗമാരക്കാർ**

**വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**

**ബന്ധങ്ങളിലെ വെല്ലുവിളികൾ**

**പഠനസംബന്ധിയായ മോശം പ്രകടനം**

**ജോലി സംബന്ധമായ പ്രശ്നങ്ങൾ**

**കുടുംബം/ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**

**മാതാപിതാക്കൾ/കുട്ടികൾ/ സഹോദരങ്ങൾ/ സഹപ്രവർത്തകർ**

**പെരുമാറ്റ വൈകല്യങ്ങൾ**

**വ്യക്തിത്വ വൈകല്യങ്ങൾ**

**മാനസിക/വൈകാരിക പ്രശ്നങ്ങൾ**

**സമ്മർദ്ദം/മാനസികാഘാതം**

**മദ്യം/മയക്കുമരുന്ന് ദുരുപയോഗം**

**ആത്മീയ പ്രശ്നങ്ങൾ**

**ജീവിത പരിശീലനം**

ക്രിസലിസ് കൗൺസിലിംഗ് സേവനങ്ങൾക്കുള്ള ഫീസ് താങ്ങാവുന്നതും എളുപ്പത്തിൽ ലഭിക്കുന്നതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൗണ്സിലറുമാരിൽ ഒരാളുമായി ഒരു കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ:

**വെബ്സൈറ്റ്: chrysalislife.org**

**ഫോൺ:** +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക് അകത്ത്)
1-800-300-00998

**ഇമെയിൽ: counselor@chrysalislife.org**

ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ് ക്രിസലിസ് കൗൺസിലിംഗ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുവാൻ

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്നതിനപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ചു ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്നതിലൂടെ, വിവിധ തലങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകുന്നു, (അ) നേതാക്കന്മാരെ ബലപ്പെടുത്തുക, (ആ) ശുശ്രൂഷയ്ക്ക് യുവാക്കളെ പ്രത്യേകം സജ്ജരാകുക, (ഇ) ക്രിസ്തുവിന്റെ ശരീരം പണിതെടുക്കുക എന്നിവയിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

"ഓൾ പീപ്പിൾസ് ചർച്ചിന്" നൽകേണ്ട നിങ്ങളുടെ പാരിദോഷികങ്ങൾ ചെക്ക്/ബാങ്ക് ഡ്രാഫ്റ്റ് വഴി ഞങ്ങളുടെ ഓഫീസിൽ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ട് അയയ്ക്കാൻ കഴിയും.

**അക്കൗണ്ടിന്റെ പേര്:** All Peoples Church

**അക്കൗണ്ട് നമ്പർ. :** 50200068829058

**IFSC കോഡ്:** HDFC0004367

**ബാങ്ക്:** HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru 560043, Karnataka

***ദയവായി ശ്രദ്ധിക്കുക:*** *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃത ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ കഴിയു, സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു ആവശ്യമെങ്കിൽ നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കാൻ ഓർക്കണമേ.

**നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**

## DOWNLOAD THE FREE APP!

*Search for*

"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play




***A daily 5-minute video devotional.***
***A daily Bible reading and prayer guide.***
***5-minute Sermon summary.***
***Toolkit with Scriptures on various topics to build faith and information to share the Gospel.***
***Resources with sermons, sermon notes, TV programs, books, music and more.***

***IF YOU LOVE IT, TELL OTHERS ABOUT IT!***

# ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

**apcbiblecollege.org**

ഇന്ത്യയിലെ, ബാംഗ്ലൂരിലെ ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ആത്മാവിൽ നിറയപ്പെട്ടതും, അഭിഷേകത്താലും, പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുള്ള പരിശീലനവും, രൂപീകരണവും, ദൈവവചനത്തിന്റെ വ്യക്തമായ ഉപദേശവും, ബൗദ്ധിക ഉത്തേജകവുമായ പഠനവും നൽകുന്നു. ദൈവിക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അറിവ്, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രത്യക്ഷതകൾ എന്നിവ ഊന്നിപ്പറയുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ പൂർണ്ണമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.–ബി.സി), ശക്തമായ പഠനത്തോടൊപ്പം, ദൈവസ്നേഹത്തിനും, അഭിഷേകത്തിനും, പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിനും, ദൈവത്തിന്റെ അസാധാരണ പ്രവർത്തനത്തിനും ഊന്നൽ നൽകുന്നു. ദൈവിക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിയ്ക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്ത്യൻ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്ത്യൻ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്ത്യൻ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ചിലേഴ്സ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** കാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിയ്ക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം-പഠിയ്ക്കാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn**

**ഓൺലൈനായി അപേക്ഷിക്കുന്നതിനും**, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

അപൂർണരായ നാമെല്ലാവരും തെറ്റുകൾ വരുത്തുന്നു എന്നത് ഒരു സത്യമായ കാര്യമാണ്. നാം ആദ്യമായി അഭിമുഖീകരിക്കുന്ന ഏത് സാഹചര്യങ്ങളിലും നാം എടുക്കുന്ന തെറ്റായ തീരുമാനങ്ങൾ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം. നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പുകൾ ദൈവം നമുക്കുവേണ്ടി വച്ചിരിയ്ക്കുന്ന പദ്ധതിയെ എങ്ങനെ ബാധിക്കുന്നു? നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പുകൾ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഏറ്റവും ഉയർന്നതും മികച്ചതുമായ കാര്യങ്ങൾ നിറവേറ്റുന്നതിൽ നിന്ന് നമ്മെ പരാജയപ്പെടുത്തുകയോ, അകറ്റുകയോ, ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ?

ഈ പുസ്തകം നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ പ്രായോഗിക വശങ്ങളിലേക്ക് നമ്മെ ഉണർത്താൻ ഉദ്ദേശിച്ചുള്ളതാണ്. ഈ പുസ്തകം നമ്മുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ പദ്ധതി നിറവേറ്റുന്നതിനുള്ള നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കിത്തരാൻ ഉദ്ദേശിച്ചുള്ളതാണ്. നമ്മുടെ പ്രവൃത്തികളെ ആത്മീകവൽക്കരിക്കുന്നതിൽ നിന്ന് വിട്ടുമാറി അവയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ഒരു ആഹ്വാനമാണിത്. ഇഹലോക കാര്യങ്ങളിൽ 'ജ്ഞാനി' ആകാനുള്ള ഒരു ഉദ്ബോധനമാണിത്.




**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org